പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2154 07/03/2017-ൽ മറുപടിയ്ക്ക്

**ടെക്നിക്കൽ അസിസ്റ്റന്റ്, ഡെപ്യൂട്ടി ഡിസ്ട്രിക്ട് മാസ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ നിയമനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ്, ഡെപ്യൂട്ടി ഡിസ്ട്രിക്ട് മാസ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ എന്നീ തസ്തികകളിലേക്ക് പി.എസ്.സി മുഖേന നിയമനം നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേയ്ക്ക് ഹെൽത്ത് സൂപ്പർ വൈസർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയാണ് നിയമിക്കുന്നത്. ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മാസ് മീഡിയ ഓഫീസർ തസ്തികയിൽ ആകെയുള്ള 28 തസ്തികകളിലേയ്ക്ക് പി.എസ്.സി മുഖേനയും വകുപ്പുതല പ്രൊമോഷൻ മുഖേനയും 1:1 എന്ന അനുപാതത്തിൽ നിയമനം നടത്തുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനത്തിനായുള്ള നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും വിശദമാക്കാമോ; | (ബി) | I. **ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മാസ് മീഡിയ ആഫീസർ**<br>വിദ്യാഭ്യാസ യോഗ്യത:- 1. സോഷ്യൽ സയൻസ്/ സോഷ്യൽ വർക്ക് അല്ലെങ്കിൽ എഡ്യൂക്കേഷനിലുള്ള ബിരുദാനന്തര ബിരുദം<br>2. (മേൽ വിദ്യാഭ്യാസ യോഗ്യതയുടെ അഭാവത്തിൽ) സോഷ്യൽ സയൻസിലെ ഡിപ്ലോമയോടു കൂടിയ ബിരുദം.<br>ശമ്പള സ്കെയിൽ :- 39500-83000<br><br>II. **ടെക്നിക്കൽ അസിസ്റ്റന്റ്**<br>വിദ്യാഭ്യാസ യോഗ്യത:-പി.എസ്.സി മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി നിയമനം ലഭിച്ചവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് |

| | | | |
|---|---|---|---|
| | | | സൂപ്പർ വൈസർ, ടെക്നിക്കൽ അസിസ്റ്റന്റ്, എന്നീ ക്രമത്തിൽ ഉദ്യോഗകയറ്റത്തിലൂടെ നിയമിക്കുന്നു.<br>ശമ്പള സ്കെയിൽ :- 35700-75600 |
| (സി) | പ്രസ്തുത തസ്തികകളിൽ പ്രമോഷനിലൂടെ നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയിൽ ഇളവു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവനുവദിച്ചിട്ടില്ല. ഡെപ്യൂട്ടി ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ആന്റ് മാസ് മീഡിയ ആഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിലുടെയുള്ള നിയമനത്തിന് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിലുടെയുള്ള നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത<br>1. ബിരുദം<br>2.ഹെൽത്ത് ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത എന്നിവയാണ്. |

**സെക്ഷൻ ആഫീസർ**